# കണ്ട്രോൾസി കണ്ട്രോൾവി..(നരിമടപുരാണം)

[vinuxavier]™ | www.vinuxavier.com | vx.vinuxavier@gmail.com

നാരായണങ്കുട്ടിച്ചേട്ടന്റെ രണ്ടുനെലവീട് നേരിട്ടുകണ്ട് സകലതും ഇഷ്ടി ബോധ്യപ്പെട്ട് മനസ്സിനു തൃപ്തിയായിട്ടു മതി ടോക്കണും പകിടികൊടുപ്പുമെല്ലാമെന്നു പറഞ്ഞ് പോയ നാല് ലവൻമാര് ,അവിടെച്ചെന്നു രണ്ടാംനിലയിലുള്ള ഏതോ ഒരു റൂമിന്റെ ജനാല തുറന്നപ്പോൾ അയൽപക്കത്തുള്ള ടെറസ്സിലെ അഴയിൽ കറുപ്പും വെളുപ്പും നിറത്തിൽ അനവധി വവ്വാലുകൾ തൊന്നുകിടക്കുന്നതുപോലെ എന്താണ്ടുമൊക്കെ ഉണക്കാനിട്ടിരിക്കുന്നത് കണ്ടെന്നും ,അതുകണ്ടനിമിഷം മാനസികനിലതെററി പരസ്പരംനോക്കി പല്ലിളിച്ചുകാണിക്കുകയും ഇന്നുതന്നേ ഞങ്ങവന്നു താമസിച്ചോട്ടേ എന്ന് നാരായണങ്കുട്ടിച്ചേട്ടനോട് അഭ്യർത്ഥിക്കുകയുമായിരുന്നു. ഇൻസ്പെക്ഷനുപോയവൻമാരെല്ലാം ഒരു ഓട്ടോപിടിച്ച് ആവേശഭരിതരായി പാഞ്ഞുവന്നിറങ്ങി നിസ്സാരസമയത്തിനുള്ളില് പെട്ടിയെല്ലാം കെട്ടിപ്പൂട്ടി പെട്ടന്ന് പൂവാഡാ,അല്ലെങ്കി വല്ല മഴേംമിറേം വന്നാലാന്ന് പറഞ്ഞ് പരാക്രമംകാട്ടി എല്ലാത്തിനേം ഉന്തിത്തള്ളി ഹോട്ടൽമുറിക്ക് പുറത്തിറക്കുകയും ,അവസാനം ഞായറാഴ്ച വരെ ഉണ്ടായിരുന്ന കമ്പനിവക ഫ്രീ അക്കോമ്മഡേഷനും ഉപേക്ഷിച്ച് കഴകൂട്ടം അൽ-സുരാജിനോട് ബൈബൈയും പറഞ്ഞ് ഞങ്ങൾ പന്ത്രണ്ടെണ്ണം പെട്ടീം സാമാനങ്ങളുമായി കാര്യവട്ടത്തേക്ക് ഒരു ആഗസ്റ്റ് പതിമൂന്നാന്തി ശനിയാഴ്ച ,വെച്ചുപിടിക്കേം ചെയ്തു.

മൊതലാളിയുടെ അടുത്തുനിന്നു താക്കോലുംവാങ്ങി നരിമട തുറന്ന് വലതുകാലുവെച്ച് അകത്ത്കേറി പെട്ടീം ബ്യാഗും നെലത്തുവെക്കേണ്ട താമസം ഈ നാലെണ്ണവുംകൂടി സ്റ്റെയർകേസ് വഴി കുതിച്ചുചാടിയോടി മുകളിലേക്ക് പോകുന്നത് കണ്ട് എന്താ സംഭവമെന്നറിയാൻ ഞങ്ങ ബാക്കിയുള്ള കൂതറകൾ പുറകെചെന്ന് നോക്കിയപ്പോഴേക്കും സിൽമാടിക്കററ് കിട്ടുന്ന ദ്വാരത്തിലേക്ക് നാലഞ്ച്പേര് ഒരുമിച്ച് കയ്യിട്ട് നിൽക്കുന്നകണക്ക് ,ജനൽപാളി ഏകദേശം ഒരു ഒന്നരയിഞ്ച് ഗ്യാപ്പിൽ തുറന്നുപിടിച്ച ശേഷം നാലെണ്ണവുംകൂടി പരസ്പര സഹകരണാടിസ്ഥാനത്തിൽ ഏന്തിവലിഞ്ഞുനിന്ന് ആക്രാന്തത്തോടെ തലയിട്ടു നോക്കുന്നുണ്ടായിരുന്നു. ഇടിയും തിരക്കും ഒഴിയുമ്പോ പിന്നെ സമാധാനമായിട്ടു വന്ന് നോക്കമെന്ന് കരുതി ഞങ്ങ രണ്ടുമൂന്നുപേര് താഴെപ്പോയി പെട്ടിയും ബക്കററും ജംഗമങ്ങളും പൊക്കി മൊകളിൽകൊണ്ടുവന്ന് കൊള്ളാവുന്ന ഒരുമുറി നോക്കി സെലക്ററ് ചെയ്ത് പറമ്പ് വ്യൂവൊക്കെ ഒന്നുകാണാമെന്നു കരുതി നോക്കിയപ്പോഴേക്കും നാരായണങ്കുട്ടിച്ചേട്ടൻ പറമ്പിലുള്ള കടപ്ളാവ്,പപ്പങ്ങ,വാഴ തുടങ്ങിയ സർവ്വ വൃക്ഷലതാദികളിൽനിന്നും മൂത്തതും

മൂക്കാത്തതുമായ സകല കായ്കനികളും പറിച്ച് ചാക്കിലാക്കി ,വീട്ടിൽകൊണ്ടുപോയിവെച്ച് ചീഞ്ഞാലും കൊഴപ്പൂല്ല ഒരു സാധനംപോലും ഇവററകളുടെ വയററിൽപോകാൻ അവസരംകൊടുക്കരുതെന്നാലോചിച്ച് ,തോടിന്റെ വക്കിലേക്ക് ചാഞ്ഞുനിക്കുന്ന തെങ്ങിലെ കരിക്കിൻകൊലയിൽ നോക്കി അരിവാളുകൊണ്ട് നെഞ്ചുംചൊറിഞ്ഞ് നെടുവീർപ്പിട്ട് നിൽക്കുന്നു.

സകലവൻമാരും ഒന്ന് സെററിലായതിനുശേഷം ,വട്ടം കൂടിയിരുന്ന് പഴേ കോളേജ് വിശേഷങ്ങൾ,ജൂനിയേഴ്സിന്റെ കയ്യീന്ന് ഇടികൊണ്ട കഥകൾ, വൺവേകൾ ഊം ച്ചേ! ഊർജ്ജിതമായ കഥകൾ എന്നിവ അയവിറക്കാൻ നരിമടയുടെ മുന്നിലുള്ള വരാന്തയിലും മുററത്തും പകുതിയെണ്ണം മതിലിന്റെ മൊകളില്, അതായത് പിന്നീട് വിൽസ്സ് മതിലെന്ന പേരിൽ പശ്രസ്തമായ മതിലിലുമൊക്കെയായി സ്ഥാനമുറപ്പിച്ചു. ചാക്കും ചൊമന്നു ദേഹവുംചൊറിഞ്ഞു അരിവാളുംപിടിച്ച് കൂലിപ്പണിക്കാരന്റെ ലുക്കിൽ നടന്നുപോയ മുതലാളി വീട്ടിൽ ചെന്നു ഒരു ഉച്ചയുറക്കം കഴിഞ്ഞ് കുളിച്ച് കുട്ടപ്പനായി പകിടികിട്ടിയ കാശിനു വാങ്ങിച്ചതാണെന്നു തോന്നുന്നു ഒരു വെള്ളയും വെള്ളയുമ്മൊക്കെയിട്ട് പുള്ളിയുടെ ചേതക്കും ഓടിച്ചുവന്ന് നരിമട മുററത്ത് സ്കിഡ് ചെയ്തുനിർത്തി .

"ആരാണിതിൽ വിഷ്ണുന്ന് പറയുന്നവൻ..?"

"ഞാനാണമ്പ്രാ.."

പാമ്പാടിക്കോളേജിൽനിന്ന് വന്ന വിഷ്ണുമോൻ,ആ ഒരാഴ്ച മാത്രം അവനെ എല്ലാരും വിഷ്ണു എന്ന് വിളിച്ചിരുന്നത് എനിക്കോർമ്മയുണ്ട്. പിന്നെ ആ പേര് മാഞ്ഞ് കൊച്ചുണ്ണിന്ന് നരിമടയിലും ,ഊഡായിപ്പിഷ്ണു എന്ന് കമ്പനിയിലും ഫേമസായി അവസാനം ദേ അവനിപ്പോ യൂക്കെയിൽഎത്തിയതിനു ശേഷം അവന്റെ പൊട്ടബുദ്ധിക്ക് എങ്ങാനും മനസ്സലിഞ്ഞ് അബദ്ധത്തിലൊരു വിസ അയച്ചുതന്നാലോ എന്നു കരുതി എല്ലാരും പിന്നേം വിഷ്ണുനായര്, വിഷ്ണുമോൻ ,ചുച്ചുഡു എന്നൊക്കെ വിളിച്ചുപോരുന്ന ഒരു സർവ്വരാജ്യ ഭൂലോകജഗജില്ലി! ഉപകാരം ഇങ്ങോട്ടായതുകൊണ്ട് അവൻ കസിൻ എന്ന് വിളിച്ച് പരിചയപ്പെടുത്തിത്തന്ന ഏതോ ഒരു മുള്ളിയപ്പോത്തെറിച്ച ബന്ധത്തിലുള്ള ചേട്ടന്റെ കയ്യീന്ന് ഒപ്പിച്ച നമ്പർ വെച്ചാണ് ഞങ്ങ നരിമട നാരായണക്കുട്ടിച്ചേട്ടനെ വിളിക്കുന്നതും നോക്കാൻവന്നവന്മാർക്ക് വീടിഷ്ടപ്പെടുന്നതും ഒരു കൊല്ലത്തെ മുദ്രപ്രതത്രിൽ കള്ള ഒപ്പുവെച്ച് കേറിത്താമസം തുടങ്ങിയതും!

"ങ്ങ! നീയാണൊ വിഷ്ണു, നിങ്ങൾക്ക് വീടൊപ്പിച്ച് തന്ന വകയിൽ എടനിലക്കാരനായിട്ടു നിന്ന ബ്രൊക്കർ സുനുവിന് ,ആദ്യത്തെ ഒരുമാസത്തെ വാടക കമ്മീഷനായി കൊടുക്കണം ,അതായത് എണ്ണായിരം ലുവ.." ഇതും പറഞ്ഞ് മൊതലാളി ചേതക്ക് ഒരു നാൽപ്പത്തഞ്ച് ഡിഗ്രീ ചരിച്ചുപിടിച്ചു.

"എന്തേനു?? ഏത് ബ്രോക്കറ്..? ഏത് സുനു? ഈ നമ്പർ എനിക്കെന്റെ കസിൻ ചേട്ടനാണ് തന്നത്.. എന്തിനു ഞങ്ങ ഇതുവരെ കണ്ടിട്ടുപോലുമില്ലാത്ത മനുഷ്യനുകൊണ്ടുപോയി ഇത്രേം കാശ്കൊടുക്കണം.." കൊച്ചുണ്ണിയുടെ പതിവിൽക്കവിഞ്ഞ ഡെസിബെലിലുള്ള ശബ്ദം കേട്ട് മതിലേലിരുന്ന സകലവനും ഹായ് ആരാണ്ടിനേം ഇടിക്കാനുള്ള വകുപ്പൊത്തിട്ടുണ്ടെന്ന് കരുതി ചാടിയെറങ്ങിവന്നു.

"ങ്ങ!ഞാനീ വീട് വാടകയ്ക്ക് ഉണ്ടെന്നു പറഞ്ഞ് ഏൽപ്പിച്ചിരുന്നത് സുനുവിന്റെ അടുത്താ. നിങ്ങള്ക്ക് ഈ കോണ്ടാക്റ്റ് എങ്ങനെകിട്ടി എവിടന്നുകിട്ടി എന്നൊന്നും എനിക്കറിയേണ്ട കാര്യമില്ല, നാളെ രാവിലെ സുനു ഇങ്ങൊട്ടു വരും. നിങ്ങ ബ്രോക്കറ് കമ്മീഷൻ റെഡിയാക്കി വെച്ചേക്കണം.." ഇരുന്ന ഇരിപ്പിൽ ഡയലോഗുകഴിഞ്ഞ് മൊതലാളി ചേതക്കിന്റെ കിക്കറിലേക്കൊന്നാഞ്ഞു,ചേതക്ക് മുതലാളിയേം കൊണ്ട് പാഞ്ഞു.

മൊതലാളി പോയിക്കഴിഞ്ഞതിന് ശേഷം ,സെയിം മതിലിൽ തന്നെ സകലവനും വലിഞ്ഞുകയറി ബ്രോക്കറഡ്വാൻസ് എന്നുപേരിൽ നമ്മ ഒരു ചില്ലിക്കാശ് ഒരു പട്ടിക്കും കൊടുക്കുകയില്ലെന്നും നാളെ സുനു എന്നു പറയുന്നവൻ എങ്ങാനും വന്നാൽ അത് വരുന്നവന്റെ അന്ത്യമായിരിക്കുമെന്നും ,അവൻ ഇങ്ങോട്ട് മെക്കിട്ടുകേറാൻ വന്നാല് വേണേല് അവനെ അകത്ത് മുറിയിലിട്ട്പൂട്ടി കുനിച്ചുനിർത്തി കൂമ്പിനിട്ട് ഇടിക്കാമെന്നും വേണേൽ സഹതാപത്തിന്റെ പേരിൽ ആശുപത്രിവരെ പോകാനുള്ള ഓട്ടർഷക്കാശ് പോക്കററിൽത്തിരുകിവെക്കാമെന്നുമൊക്കെ ചർച്ച ചെയ്തു തീരുമാനിച്ചു. ചർച്ചയും കഴിഞ്ഞ് നാളെ ഒരുത്തനെ ഇടിക്കുന്നതും സ്വപ്നംകണ്ട് കിടക്കുമ്പോഴെല്ലാം സകലവന്റെയും മനസ്സിൽ ഈ ബ്രോക്കറ് സുനു എന്ന കഥാപാത്രത്തിന് കൽപ്പിച്ചിരുന്ന രൂപം ഒരു ഡയറിയൊക്കെ കക്ഷത്തിൽ പിടിച്ച് ഒരു ലുക്കിയൊക്കെ ഉടുത്ത് ഇന്ദ്രന്സ് കണക്കിന് നടക്കുന്ന ഒരുത്തനെയാണ്.

പിറേറന്ന് രാവിലേ ഒരു എൻഫീല്ഡ് ബുള്ളററിന്റെ അലർച്ചകേട്ടിട്ട് ഞെട്ടിയെഴുന്നേററ്

കെടക്കപ്പായയിൽത്തന്നെ ഉണ്ടായിരിക്കേണ്ട ഉടുമുണ്ട് ഏതുവഴിക്ക്പോയെന്നു തപ്പിക്കൊണ്ടിരിക്കുന്നതിനിടക്ക് താഴത്തെ നെലയിൽ കിടന്നുറങ്ങിയ ദീപുമോൻ പരാക്രമം പിടിച്ച് രണ്ടാംനിലയിലേക്ക് ഓടിക്കയറിവരുന്നതാണ് കണ്ടത്.

"വല്ല അഞ്ഞൂറോ ആയിരമോഒക്കെ കയ്യിലുണ്ടെങ്കി വേഗം താടാ, അർജെന്റാണ്..പെട്ടന്നെടുക്ക്.."

കിതപ്പുകാരണം പറഞ്ഞുതീരാനൊന്നും നിക്കാതെ ദീപുമോൻ അവടെകണ്ട സകല പേഴ്സിലും തപ്പി നൂറും അഞ്ഞൂറും ഒക്കെയായി പേഴ്സിലുണ്ടായിരുന്നതു മുഴ്വൻ, ആദ്യമാസം ശമ്പളമില്ലാത്തതുകാരണം ഇന്നാടാ പൊറോട്ടേം ഹാഫ്ചിക്കനുമടിച്ച് ലാവിഷായിട്ട് ജീവിക്കെന്നും പറഞ്ഞു എല്ലാവന്മാർക്കും വീട്ടിൽ നിന്ന് കാർന്നോന്മാർ കൊടുത്തയച്ച പൈസ എല്ലാം എടുത്തോണ്ട് തിരിച്ചോടി. വീണ്ടും ബുള്ളററ് സ്റ്റാർട്ടാക്കുന്ന ശബ്ദംകേട്ട് കണ്ണുംതിരുമ്മി ചിറിയുംതുടച്ച് താഴേക്ക് ചെന്നപ്പോ ഒരു ആറടി നൂററിപ്പത്ത്കിലോ ബോഡിമാസ്ഇൻഡെക്സുള്ള ഒരുത്തന്റെ എൻഫീൾഡിന്റെ പൊറകിൽ വിഷ്ണുമോൻ ദയനീയത നിറഞ്ഞമുഖഭാവത്തോടെ ചുരുണ്ടുകൂടി ഇരിക്കുന്നു. തമ്മനം ജോഷി ,പാലാരിവട്ടം സുര, പുല്ലേപ്പടി ലെനി എന്നീ ജീവിവർഗ്ഗവിഭാഗത്തിൽ പെടുത്താവുന്ന കയ്യിൽ ചെയിനും ഇടിവളയൊക്കെ ഇട്ടു മുടിനീട്ടിവളർത്തിയ വേറെയൊരു കറുത്തപിശാശ് ഒരു ഹാൻസ് പ്യാക്കററുപൊട്ടിച്ച് കയ്യിലിട്ടുതിരുമ്മി അണപ്പല്ലിന്റെ ഇടയിൽ തിരുകിയശേഷം ആറടിയുടെ മൊഖത്തുനോക്കി അണ്ണൻ പോയിട്ട് വാ അണ്ണാ ഞാനിവിടെ നിന്നോളാം എന്നു മോന്തകൊണ്ട് ആംഗ്യംകാണിച്ചു.!

"വിഷ്ണുമോനെ എങ്ങോട്ടാ അയാൾ കൊണ്ടുപോകുന്നത്..?" ദീപുമോന്റെ അരികിലേക്ക് നീങ്ങിനിന്ന ശേഷം ,ആ മുടിനീട്ടിയവൻ എന്റെ ശബ്ദം കേൾക്കില്ലായെന്നുറപ്പുവരുത്തി ഞാൻ ചോദിച്ചു.

"ഏററീയെം കൌണ്ടറിലേക്ക്.." ദീപുമോൻ പറഞ്ഞു.

"ആരാണിവരൊക്കെ? ആരാണാ ബുള്ളററിൽ ഇരിക്കുന്നത്.."

"അതാണ് സുനുവണ്ണൻ..ബ്രോക്കറ്..ഇതു പുള്ളിയുടെ അസിസ്റ്റന്റാണെന്ന് .."

"ങേ..ഇതാണാ ബ്രോക്കറ് സുനു..വണ്ണൻ..??.." എന്റെ ചോദ്യം ഇച്ചിരി ഉറക്കെയായിപ്പോയതുകേട്ട് ഹാൻസടിച്ച് ഡോസ്കൂടിപ്പോയിട്ട് കിറുങ്ങി മതിലിൽചാരി നിന്നിരുന്ന ഇടിവളമുടിയൻ വ്വോ എഞ്ഞ്ടാ ചെറയുന്നേന്ന് മൊഖത്ത് ഭാവംവരുത്തി ഞങ്ങളെ നോക്കി കലിപ്പിച്ചു. എണ്ണായിരം രൂവ ബ്രോക്കർകമ്മീഷൻ കൊടുക്കാൻ നരിമടയിലെ പന്തണ്ട് പേഴ്സ് തപ്പിക്കൊണ്ടുവന്ന കാശ് തികയഞ്ഞിട്ട് ദീപുമോൻ കണ്ട പോംവഴിയായിരുന്നു,രണ്ടുദിവസം അപ്പന്റെ ഏറ്റീയെം കാർഡുമായി ഷോ എറക്കുകയായിരുന്ന വിഷ്ണുമോനെ ഉറക്കത്തിൽ നിന്നെണേപ്പിച്ച് ബുള്ളറ്റിന്റെ പുറകിൽ കയറ്റി വിട്ടത്.. കഴക്കൂട്ടം കാര്യവട്ടം ഏരിയയിൽ ഗുണ്ടാശല്യം ഉണ്ടെന്നും വെള്ളമടിക്കാനുള്ള കാശില്ലാത്തപ്പോ ഇവൻമാര് ഇരുട്ടത്ത്കൂടി പതുങ്ങിവന്ന് ബൌ ന്ന് പറഞ്ഞു പേടിപ്പിച്ച് കത്തികാണിച്ച് നമ്മൾടെ കാശ്കൊണ്ടുപോകുമെന്നും കാശില്ലയെന്ന് പറയുകയാണെങ്കിൽ ഉടനെ വണ്ടിയിൽപിടിച്ച്കൊണ്ടുപോയി അടുത്തുള്ള ഏറ്റീയെമ്മിൽ നിന്ന് നിർബന്ധിച്ച് പൈസ എടുപ്പിക്കുമെന്നും അന്നേരം തന്ത്രപൂർവ്വം ഏട്ടീയെം പിൻ നമ്പർ തലതിരിച്ച് അടിക്കുകയാണെങ്കിൽ കഴകൂട്ടം എസ്സൈ അവിടെ പാഞ്ഞെത്തുമെന്നൊക്കെ ടിപ്സ് ആന്റ് ടാക്റ്റിക്സ് ആയി കമ്പനിയിൽ ജോയിൻചെയ്ത് ആദ്യദിവസം തന്നെ ഒരു ഉറക്കംതൂങ്ങിയ സെഷനിടയ്ക്ക് എച്ചാർ പറഞ്ഞതന്നത് ഇത്രേം വേഗം നേരിൽകണ്ട് ബോധ്യപ്പെടുമെന്ന് ഞങ്ങൾ കരുതിയില്ല! ഒരാഴ്ച്ചക്കുള്ളിൽ കഴക്കൂട്ടം ബൈപ്പാസിന് നടുവിലിട്ട് കൊറെ ഗുണ്ടകൾ വെട്ടുറോഡ് ഷിബു എന്ന ഒരുത്തനെ കത്തികേറ്റിക്കൊല്ലുകയും ,ഇടിവളമുടിയന്റെ പാസ്പോർട്ട് പടം മൂന്നാം പത്രിയായി പത്രത്തിൽ വരുകയും കൂടി കണ്ടതോടെ വിഷ്ണുമോനെ ജീവനോടെ തിരിച്ച്കിട്ടിയതിനു നരിമടയന്മാർ സകലദൈവത്തിനും നന്ദി പറയുകയും ഇനി അനീതികണ്ട് രക്തംതിളച്ചാലും കമാന്നു പറയുകയില്ലെന്നും പത്രിജ്ഞയെടുത്തു.

രണ്ടുകയ്യും ഫ്രീയായിട്ടുപോലും കഴുത്തിനും പെടലിക്കുമിടയിൽ ഫോണിന്റെ റിസീവർ തിരുകി ,കമ്പനിയുടെ ഫ്രണ്ടോഫീസിൽകൂടി കടന്ന്പോകുന്ന സകലരേയുംനോക്കി കണ്ണിറുക്കി ചിരിച്ച് ഗുഡ്മോണിങ്ങാണൊ നേരെനോക്കി നടക്കടാ ചെറേ എന്നാണൊ എന്നു മനസിലാവാത്ത രീതിയിൽ എന്തോ ചുണ്ടനക്കുന്ന റിസിപ്ഷണിസ്റ്റ് നാൻസി, ജീവിതം പോയാലും കൊഴപ്പമില്ല കമ്പനിയെന്നെ കാത്തുകൊള്ളും അതോണ്ട് കമ്പനിക്കൊരു പോറലുപോലും വരരുതെന്നു മനസ്സിൽ ധ്യാനിച്ച് പട്ടിയെപ്പോലെ പണിയെടുക്കുന്ന ജൂനിയർ ടെക്കികൾ.. നാലഞ്ചുകൊല്ലം കണ്ട്രോൾസി കണ്ട്രോൾവി അടിച്ച വിരലിന്റെ തഴമ്പുമായി സർവ്വസമയോം ഒരു ഡയറിയും പിടിച്ച് സായിപ്പായ നമ എന്നുരുവിട്ട് കസ്റ്റമർ മീറ്റിങ്ങിനുവേണ്ടി പായുന്ന മൂത്ത ടെക്കികൾ.. ടെക്കികൾക്ക് ഒന്നും കമ്പനിയില്നിന്നു പിരിഞ്ഞുപോകാനുള്ള ത്വര

ഉണ്ടാവാതിരിക്കാൻ സകല കമ്പനികളിലും നടപ്പിലാക്കിയ രഹസ്യ പദ്ധതിക്കുവേണ്ടി മാത്രമായി റിക്രൂട്ട് ചെയ്യപ്പെട്ട കൊറെ അഡാറ് കോതകൾ ,ഇവനൊക്കെ കഴിഞ്ഞ ജൻമത്തിൽ വല്ല പോലീസ് നായയും ആയിരുന്നോ എന്ന സംശയം സകലരിലും ഉടലെടുക്കുന്ന രീതിയിൽ ഈ കോതകളെ മണപ്പിച്ച് നടക്കാൻ മാത്രം അറിയാവുന്ന കൊറെ മ്ണാപ്പൻമ്മാർ , എന്നേം വായിനോക്കൂ പ്ളീസ് എന്നഭ്യർത്ഥിച്ച് മുടിയൊക്കെ സ്ട്രെയ്റ്റെൻ ചെയ്ത് ബ്യാക്കിൽ നിന്നുള്ള ആംഗിളിൽ നിന്നുമാത്രം നോക്കിയാൽ അപാരം എന്നു വിശേഷിപ്പിക്കാവുന്ന കൊറേ ഫ്യാഷൻ ഡിസാസ്റ്ററുകൾ .. ഞങ്ങൾ ഫ്രെഷേഴ്സിനു എല്ലാം പുതുമയായിരുന്നു. കോർപ്പറേറ്റ് കൾച്ചർ ദഹനക്കേടുണ്ടാക്കിയിരുന്നതിനാല് കാണുന്ന സകല അണ്ടനേം അടകോടനേം വെറും ഒരുകൊല്ലം സീനിയറായിട്ടുള്ളവരെപ്പോലും സാറെ എന്നൊക്കെ വിളിച്ച് അവൻമാരുടെ മൊഖത്തുവിരിയുന്ന അളിഞ്ഞചിരിയും കണ്ട് ,പ്രൊജക്റ്റ് മീറ്റിങ്ങിനൊക്കെ എന്തോ മലമറിക്കലാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത് എന്നൊക്കെ മനസ്സിലോർത്ത് ഒന്നുംമിണ്ടാതെ വായുംപൊളിച്ചിരുന്ന് സകലതിനേം അത്ഭുതത്തോടെ നോക്കിനടന്നിരുന്ന അങ്ങനേയും കൊറേ ദിവസങ്ങൾ ഉണ്ടായിരുന്നു.

ജനിച്ചതുമുതൽ,ഹിറോആകണമേയെന്ന് മാത്രം ഏക ആഗ്രഹവുമായി ജീവിക്കുന്ന,അതും പടംവര പോസ്റ്ററെഴുത്ത് എന്നിങ്ങനെയുള്ള പരിമിതമായ സാഹചര്യങ്ങൾ ഒത്തുവന്നാൽ മാത്രം ഹിറോആകാൻ സാധ്യതയുള്ളതുമായ എന്നെപോലെയുള്ളവൻമാർക്ക് കർക്കിടകം പതിമൂന്നാന്തിതന്നെ കറുത്തവാവും വെള്ളിയാഴ്ചേം ഒരുമിച്ച് വരുന്നതുപോലെ വല്ലപ്പോഴും വീണുകിട്ടുന്ന അവസരമായിരുന്നു ഈ ഓണപ്പൂക്കളമൽസരമൊക്കെ. പക്ഷേ,എൽക്കേജി മുതൽ ദേ ഇന്നുവരെ എന്നൊക്കെ ഈ പരിപാടിയെന്നും പറഞ്ഞ് എറങ്ങിയിട്ടുണ്ടോ അന്നൊക്കെ ചുമ്മാ നാട്ടുകാര് പൂക്കളത്തിന്റെ ചുററം വട്ടംകൂടി നിന്നിട്ട് ഒരുമാതിരി കൂതറബ്ളോഗുകൾക്ക്പോലും കമന്റ് വരുന്നമാതിരി നമിച്ചളിയാ ,കലക്കിയെടാ ,അലക്കിപ്പൊളിച്ചടാ എന്നൊക്കെ കൊതിപ്പിച്ചോണ്ട് പോകുന്നതല്ലാതെ ജഡ്ജസിന് മാർക്കുകൂട്ടുന്നതിൽ പിഴവ് സംഭവിച്ചുപോലും എനിക്കും എന്നെ വിശ്വസിച്ച് പൂക്കളം ഡിസൈൻ ഏല്പ്പിസിച്ചവർക്കും കൈകൊണ്ട് തൊടാനുള്ള ഭാഗ്യം കിട്ടിയിട്ടില്ല.

അതുംപോരാഞ്ഞിട്ട് ,കമ്പനിയിലെ ആസ്ഥാനകോതയെന്ന് വിശേഷിപ്പിക്കാവുന്ന സീനിയറൊരുത്തി രേണുകയാണ് ഇത്തവണത്തെ ഓണപ്പൂക്കളം ,ഓണസാരിയുടുപ്പ് ,ഓണ കണ്ട്രോളുകളയൽ തുടങ്ങിയ ആഘോഷപരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നത്. കണ്ട പെണ്ണുങ്ങളുടെയൊക്കെ മുന്നിൽ ഷോ ഇറക്കാൻവേണ്ടി ഓണപ്പൂക്കളം ഡിസൈൻ ഏറ്റെടുത്ത കൊഞ്ഞാണൻ ആണ് വിൻച്ചേട്ടൻ എന്നുകരുതിയ പെൺകുട്ടികളേ നിങ്ങൾക്ക്

തെററി,അതല്ല സംഭവം. ജോയിൻചെയ്ത് രണ്ടുദിവസം കഴിഞ്ഞപ്പോ പ്രൊജെക്ററ് ടീമില് ഇടാൻവേണ്ടി കൊറേപ്പേരുടെ സീററ് ഇരുന്നോടുത്ത് നിന്ന് റീലൊക്കേഷൻ ചെയ്യേണ്ടിവന്നപ്പോ,ആരേം കാണാഞ്ഞിട്ട് ഞാൻ തന്നെ എന്റെ സീപ്പിയു പൊക്കിച്ചോണ്ട് കൊണ്ടുപോകുന്നത് ഈപ്പറഞ്ഞ രേണു കാണുകയും ,സംഭവം താഴെവെച്ചോണ്ട് തിരിച്ചുവരുന്ന വഴിക്ക് ഇവൾവന്നിട്ട് അവൾടേംകൂടെ സീപ്പിയു പൊക്കാൻ ആജ്ഞാപിക്കുകയും അന്നേരം ആ ക്യുബിക്കിളിലുണ്ടായിരുന്ന ഒരു സീനിയർ ചേട്ടൻ എടപെട്ട് ഞാൻ ഒരു ഫ്രെഷറാണെന്ന് അവളെ അറിയിക്കുകയും ,അതുകേട്ട് അവൾ ഓഹോ ലുക്ക് കണ്ടപ്പോ ഓഫീസ് ബോയി ആണെന്ന് കരുതി വിളിച്ചതാണെന്ന് പറഞ്ഞ് ചിരിക്കുകയും ചെയ്തു. വിറങ്ങലിച്ച മനസ്സുമായി കമ്പനി വിട്ടിറങ്ങിയ ഞാൻ അന്നുപെയ്ത് ചാററൽമഴയിലൂടെ കൊടയില്ലാതെ നടന്നത് എന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് ആരും കാണാതിരിക്കാനാണെന്നുള്ളത് , ആരോടും പറയാതെ ഞാനിന്നും ഉള്ളിലടുക്കിപ്പിടിച്ച് നടക്കുന്ന വേദനകളിലൊന്നാണ്..

അങ്ങനെയൊരു നൂറുപേജിന്റെ നോട്ടുബുക്കും വാങ്ങി ഞാൻ ആയിരംതവണ വരച്ചും മാച്ചും മാററിവരച്ചും തയ്യാറാക്കിയ ഒരു കിണ്ണൻ ഡിസൈൻ ഓണപ്പൂക്കളത്തിനുവേണ്ടി റെഡിയാക്കി. പൂക്കളം അത്തം തുടങ്ങിയിട്ട് ഇട്ടാപ്പോരേ? ഇനീം എഴുതാൻ കൈവഴങ്ങണമേ എന്ന പ്രാർത്ഥനയോടെ..